# Index

Vicar's Message…………………………………… 2

Article ..................................................................... 6

Poem ...................................................................... 11

Story ....................................................................... 12

New Members.......……………………......…….. 14

Events Photos.....………………………...…… 17

# Vicar's Message



## മരണാനന്തര അവസ്ഥഃ ഒരു വേദശാസ്ത്ര വീക്ഷണം

**ആമുഖം**

മരണാനന്തര ജീവിതം ക്രിസ്തീയ ജീവിതത്തിലെ ഏറ്റവും വലിയ പ്രത്യാശയാണ്. ഈ ലോകത്തിലെ ജീവിതത്തോടുകൂടി സകലവും അവസാനിച്ചു എന്നതു ചിന്തിക്കാതെ മരണാനന്തരം മനുഷ്യന് ഒരു ജീവിതം ഉണ്ടെന്നുള്ള പ്രത്യാശ നമ്മുടെ അദ്ധ്യാത്മീക ജീവിതം പ്രതീക്ഷയോടെ നയിക്കുന്നതിന് ഏറെ സഹായകരമാണ്.

**മരണമെന്ന പ്രതിഭാസം**

മരണമെന്ന യാഥാർത്ഥ്യം എല്ലാ മനുഷ്യരും ഒരുപോലെ അഭിമുഖീകരിക്കേണ്ട ഒരു പ്രതിഭസമാണ്.ക്രിസ്തീയ വേദശാസ്ത്രത്തിൽ മനുഷ്യ സൃഷ്ടിയെ കുറിച്ച് രണ്ട് പ്രധാന ചിന്താധാരകൾ കാണുന്നുണ്ട്.(1) ദേഹം,ദേഹി,ആത്മാവ് എന്നീ ഘടകങ്ങൾ ചേർന്നാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.(1 തെസ്സ 5:23,എബ്രായർ 4:12) (2) മനുഷ്യൻ ദേഹം, ആത്മാവ് എന്നീ രണ്ട് ഘടകങ്ങളാൽ സൃഷ്ടിക്കപ്പെട്ടു എന്നും. ഒന്നാമത്തെ കാഴ്ച്ചപ്പാടിൽ മനുഷ്യനിൽ മൂന്ന് ഘടകങ്ങൾ ഉണ്ടെന്നും രണ്ടാമത്തെ കാഴ്ച്ചപ്പാടിൽ മനുഷ്യനിൽ രണ്ട് ഘടകങ്ങൾ ഉണ്ടെന്നും ആണ്.ഇതിൽ ഒന്നാമത്തെ ആശയമാണ് നമ്മുടെ വേദശാസ്ത്ര പാരമ്പര്യത്തിൽ കൂടുതൽ കാണുന്നത്.

മരണത്തെ നിർവ്വചിക്കുന്നത് ശരീരത്തിൽ നിന്നുള്ള ആത്മാവിൽ നിന്നുള്ള ആത്മാവിന്റെ വേർപ്പെടൽ ആയിട്ടാണ്.യോഹന്നാൻ 19:30-ൽ മരണസമയത്ത് യേശു തന്റെ ആത്മാവിനെ ഭരമേല്പ്പിക്കുന്നതായി പറയുന്നുണ്ട്.ക്രിസ്തീയ വേദശാസ്ത്രത്തിൽ ആത്മാവും ശരീരവും ഒരു വ്യക്തിയിൽ എന്നെന്നേക്കും ഒരുമിച്ചു നിലനിൽക്കേണ്ടതാണ്.മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ഈ ഐക്യം നിലനിർത്തുന്നതിന് വേണ്ടിയാണ്.ശരീരം നശ്വരവും ആത്മാവ് അനശ്വരവുമായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.അതുകൊണ്ട് മരണത്തോടെ താൽക്കാലികമായി വേർ പിരിയുന്ന ആത്മശരീര ബന്ധങ്ങൾ പുനരുത്ഥാനത്തിൽ പുനസൃഷ്ടിക്കപ്പെടുന്നു.ഈ വേദശാസ്ത്ര സത്യം നമ്മുടെ ശവസംസ്ക്കാര ക്രമത്തിലെ ഗീതങ്ങളിലും വായനകളിലും ആവർത്തിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന്

ഗാത്രത്തോടാത്മാവോതുന്നു സമാധാനം

പ്രിയസഹജാ മരുവുക നീ

പോകുന്നേൻ നിന്നരകീന്നീന്നേരം

നിഖിലേശൻ കല്പിക്കും സ്ഥാനത്തിൽ

കർത്താവിൽ ഞാന-ശിക്കുന്നുണ്ടുത്ഥാനത്തിൽ

നിന്നെക്കാണാൻ വീണ്ടും.

**മരണാനന്തരം ആത്മാവിന്റെ അവസ്ഥ**

മരണശേഷം ആത്മാവിന് ഒരുയാത്ര ഉണ്ടെന്നും ആ യാത്രയിൽ അന്തരീക്ഷവാസികളിൽ നിന്ന് എതിർപ്പുകൾ നേരിടേണ്ടി വരുമെന്നും നമ്മുടെ ആരാധനക്രമങ്ങളിൽ പറഞ്ഞിട്ടുണ്ട്. ആത്മാവ് യാത്രചെയ്ത് മാലാഖമാരുടെ സഹായത്താൽ അതിന് നിശ്ചയിക്കപ്പെട്ട സ്ഥലത്ത് അധിവസിക്കുന്ന സ്ഥലത്തിന് നമ്മുടെ ആരാധനക്രമങ്ങളിൽ ആനന്ദം നിറഞ്ഞ സ്ഥലം, ജീവനുള്ളവരുടെ വാസസ്ഥലം,ആശ്വാസ ഭവനം,കരച്ചിലോ വിലാപമോ ഇല്ല്യാത്ത സ്ഥലം, പ്രകാശ ഭവനം തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്നു.മരണശേഷം ആത്മാവ് മറ്റൊരു സ്ഥലത്തേക്കു പോകുന്നു എന്ന് ലൂക്കോസ് 8:54-ൽ കാണുന്നു. ആത്മാവിന്റെ യാത്രയിൽ അന്തരീക്ഷവാസികളിൽ നിന്നുള്ള എതിർപ്പിനെ തരണം ചെയ്ത് മാലാഖമാരുടെ സഹായത്തിനുവേണ്ടി നാം പ്രാർത്ഥിക്കാറുണ്ട്.മരണശേഷം മാലഖമാരാൽ വിശ്വാസി നയിക്കപ്പെടുന്നു എന്നുള്ള ആശയം ലൂക്കോസ് 16:22-ൽ കാണുന്നുണ്ട്.അവിടെ ലാസറിനെ മാലഖമാർ അബ്രാഹാമിന്റെ മടിയിലേക്ക് നയിക്കുന്നതിനായി രേഖപ്പെടുത്തിയിരിക്കുന്ന യൂദായുടെ ലേഖനം 9-ാം വാഖ്യത്തിൽ മോശയുടെ ശരീരത്തെപ്രതി പ്രധാന ദൂതനായ മീഖായേൽ പിശാചുമായി തർക്കിക്കുന്നതായി കാണുന്നു.

സങ്കീർത്തനം 115 ന്റെ 17-നെ ആസ്പദമാക്കി മരണാനന്തരം ആത്മാവ് സജീവമല്ലെന്നും പഠിപ്പിക്കുന്നവരുമുണ്ട്.എന്നാൽ ഇവിടെ പറയുന്ന മരണം ആത്മീക മരണമാണ്. വി.വേദപുസ്തകത്തിൽ ഇ രീതിയിലുള്ള മരണത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.(1)ശാരീരിക മരണം(2)ആത്മീയ മരണം.ആത്മീയ മരണം എന്നാൽ ദൈവീക സംസ്ഗ്ഗത്തിൽ നിന്നുള്ള അന്യവത്കരണമാണ്.(കൊലോസ്യർ 2:3,ഉത്പത്തി 3:2,യെഹസ്ക്ക 18:21-22).അതുകൊണ്ട് ആത്മീയ മരണം പ്രാപിച്ചവർ ദൈവത്തെ സ്തുതിക്കുകയോ ദൈവീക കൂട്ടായ്മയിൽ നിലനിൽക്കുകയോ ചെയ്യുന്നില്ല എന്നുള്ള ആശയമാണ് മേൽപറഞ്ഞ സങ്കീർത്തനത്തിൽ കാണുന്നത്.തോട്ടത്തിലെ ഫലം പറിച്ച് തിന്നുന്നനാളിൽ ആദാം മരിക്കുമെന്ന് ദൈവം കല്പിച്ചിട്ടുണ്ട്.എന്നാൽ ആദാം തൊള്ളായിരത്തിലധികം വഷം ജീവിച്ചിരുന്നതായി വി.വേദപുസ്തകത്തിൽ പറയുന്നുണ്ട്.ഇതിൽ നിന്നും ഫലം പറിച്ചു തിന്നപ്പോൾ ആദാമിനുണ്ടായ മരണം ആത്മീക മരണമാണെന്ന് നമുക്ക് ഗ്രഹിക്കാവുന്നതാണ്.

യഥാർത്ഥത്തിൽ ഒരു വിശ്വാസി ഒരിക്കലും ആത്മീകമായിട്ടു മരിക്കുന്നില്ല.ഒരു വിശ്വാസി ശാരീരികമായി മാത്രമെ മരിക്കുന്നുള്ളു എന്നാൽ ആത്മീകമായി എപ്പോഴും ദൈവ ബന്ധത്തിൽ തുടരുന്നു.ഇതിനാണ് നിത്യജീവന്റെ അവസ്ഥ എന്നു പറയുന്നത്.ഫിലിപ്പ്യർ 1:23-ൽ ഒരു വിശ്വാസി എല്ലായിപ്പോഴും ദൈവത്തോടും കൂടിയായിരിക്കുമെന്ന് പൗലോസ് ശ്ലീഹ രേഖപ്പെടുത്തിയിരിക്കുന്നു.അതുകൊണ്ട് ക്രിസ്തീയ വേദശാസ്ത്രത്തിൽ മരണത്തിന് ഒരു വ്യക്തിയുടെ ആത്മീക വളച്ച്യും ദൈവ ബന്ധവും,ദൈവ സംസ്ഗ്ഗവും ഇല്ലാതാക്കാൻ കഴിയില്ല.ഒരു വിശ്വാസി ശാരീരികമായി മരിച്ചാലും ആത്മീകമായി ദൈവ ബന്ധത്തിൽ വളരുന്നു.യോഹ.11:26,8:51 എന്നീ വാക്യങ്ങളിൽ വിശ്വാസിയുടെ നിത്യതയെ കുറിച്ച് ശേയുക്രിസ്തു വെളപ്പെടുത്തിയിട്ടുണ്ട്.കൂടാതെ റോമർ 8:38,39 വാക്യങ്ങളിൽ മരണം ഒരുവനെ ദൈവബന്ധത്തിൽ നിന്ന് വേർതിരിക്കുന്നില്ല എന്ന് പൗലോസ് ശ്ലീഹായും രേഖപ്പെടുത്തുന്നു.

**ആത്മാവിന്റെ സജീവാവസ്ഥ**

മരണസേഷം ആത്മാവ് സജീവമായി സ്ഥിതിചെയ്യുന്നു എന്നും അതിന് ആത്മീക വളച്ച്യുണ്ടെന്നും വേദപുസ്തക അടിസ്ഥനത്തിൽ ഗ്രഹിക്കാവുന്നതാണ്.താഴെ പറയുന്ന ചില വേദഭാഗങ്ങൾ ഈ വസ്തുതയിലേക്ക് വെളിച്ചം വീശുന്നതാണ്.(a) ലൂക്കോസ് 20:30-ൽ ദൈവം അബ്രഹാമിൻേറയും യിസഹാക്കിൻേറയും യാക്കോബിൻേറയും ദൈവമാണെന്നും മരിച്ചവരുടെ ദൈവമല്ല എന്നും പറഞ്ഞിരിക്കുന്നു.(b) യോഹ:8:56-ൽ വാങ്ങിപ്പോയ അബ്രഹാം യേശുവിനെ ആത്മാവിനാൽ കണ്ടും സന്തോഷിച്ചതായി പറയുന്നു.(c) മറുരൂപ മലയിൽ മോശ യേശുമായി സംസാരിക്കുന്നു. ലൂക്കോസ് 9:27 (d) എബ്രായർ 11:45-ൽ ഹാനോക്ക് വിശ്വാസത്താൽ സമസാരിക്കുന്നു.(e) 2കൊരിന്ത്യർ:5:6,7 മരിച്ച് കർത്താവിനെ പ്രസാദിപ്പിക്കുവാൻ,പൗലോസ് ശ്ലീഹ ആഗ്രഹിക്കുന്നു.(f) 1 പത്രോസ് 3:19, യോഹ 5:26 മരിച്ചവർ മരിച്ചവർ ദൈവശബ്ദം കേൾക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. (g) 1 കൊരിന്ത്യർ 13:12-ൽ മരണാനന്തരം ദൈവത്തെക്കുറിച്ച് കൂടുതൽ അറിവ് ലഭിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു.

**വാങ്ങിപ്പോയവക്കുവേണ്ടിയുള്ള പ്രാത്ഥന**

മരണാനന്തരം ആത്മാവ് സജീവമാണെന്നും ക്രിസ്തുവിന്റെ സഭാ ഗാത്രത്തിൽ അവർ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ട് മരണാനന്തരമുള്ള പ്രാത്ഥനകൾക്കും കമ്മ്ാനുഷ്ഠാനങ്ങൾക്കും വേദശാസ്ത്രത്തിൽ അടിസ്ഥനമുണ്ട്.താഴെ പറയുന്ന വേദശാസ്ത്രചിന്തകൾ ഇതിന് ഉപോൽപലകമാണ്.

(a) സഭയെ കുറിച്ചുള്ള സുറിയാനി സഭയുടെ നിവ്വചനത്തിൽ ജീവനുള്ളവരും മരിച്ചുപോയവരും ഒരുപോലെ ഉൾപ്പെടുന്നു. ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ ജീവനുള്ളവർ മാത്രമല്ല വാങ്ങിപ്പോയവരും ഉൾപ്പെടുന്നു.അതുകൊണ്ടു തന്നെ സഭാ ഗാത്രത്തിൽ ജീവനുള്ളവരും വാങ്ങിപ്പോയവരും തമ്മിൽ കൂട്ടായ്മ നിലനിൽക്കുന്നുണ്ട്. ക്രിസ്തുവിൽ എല്ലാവരും ജീവിച്ചിരിക്കുന്നതുകൊണ്ട് സഭയുടെ എല്ലാ കൂദാശാനുഷ്ഠാനങ്ങളും പ്രാത്ഥനകളും വാങ്ങിപ്പോയവരെയും കൂടി ഉദ്ദേശിച്ചിട്ടുള്ള താകുന്നു.സഭയിലെ കമ്മ്ാനുഷ്ഠാനങ്ങളുടെ ഫലം വാങ്ങിപ്പോയവക്കും കൂടി ലഭിക്കുന്നു.

(b) വാങ്ങിപ്പോയവക്ക് വേണ്ടിയുള്ള പ്രാത്ഥനയുടെ ശക്തമായ അടിസ്ഥാനം എന്നുള്ളത് അത് ക്രിസ്തീയ സ്നേഹത്തിന്റെ പ്രതിഫലനം ആണ് എന്നുള്ളതാണ്.നമ്മിൽ നിന്ന് വാങ്ങിപ്പോയ ബന്ധുമിത്രാദികൾക്കുവേണ്ടിയുള്ള പ്രാത്ഥന വഴി അവരോടുള്ള സ്നേഹമാണ് നമ്മൾ വെളിപ്പെടുത്തുന്നത്.ന്യയവിധിയുടെ ആ മഹാദിവസത്തിൽ ദൈവം വാങ്ങിപ്പോയവരോട് കരുണ ചെയ്യുന്നതിനും അവരുടെ തെറ്റുകൾ ക്ഷമിക്കുന്നതിനും വേണ്ടി പ്രാത്ഥിക്കുന്നത് വാങ്ങിപോയവരോടുള്ള

സ്നേഹിക്കുന്നില്ല എന്നുള്ള സത്യമാണ് വെളിവാക്കുന്നത്.കൂടാതെ ജീവിതത്തിന്റെ അവസാന നിമിഷത്തിൽ കള്ളനു രക്ഷ കൊടുത്ത ദൈവം നമ്മുടെ പ്രാർത്ഥനയിലൂടെ നമ്മുടെ വാങ്ങിപ്പോയവർക്കും സാധ്യതകൾ തുറന്നുകൊടുക്കും.

(c) ക്രിസ്തീയ ജീവിതം പൂർണ്ണതയിലേക്കുള്ള വളർച്ചയായി സഭാ പിതാക്കന്മാർ വ്യാഖ്യാനിക്കുന്നത്.രക്ഷക്ക് പൂർണ്ണത എന്ന പദമാണ് പിതാക്കന്മാർ ഉപയോഗിക്കുന്നത്. അതിന്റെ പൂർത്തീകരണം,യുഗാന്തരത്തിൽ സംഭവിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ക്രിസ്തുവിന്റെ രണ്ടാം വരവ് വരെ നാം ആത്മീയമായി വളർന്നുകൊണ്ടിരിക്കും.എഫേസ്യർ 4:14-ൽ പൗലോസ് ശ്ലീഹ ഈ വളർച്ചയുടെ അനുഭവത്തെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു വിശ്വാസിയുടെ രക്ഷയിലേക്കുള്ള വളർച്ചയെ തടസ്സപ്പെടുത്തുവാൻ സാധിക്കുകയില്ല.ശാരീരികമായി മരിച്ചാലും ആത്മീയമായി നാം വളർന്നുകൊണ്ടേയിരിക്കും. മരണത്തോടുകൂടി ഒരു മനുഷ്യന്റെ ആത്മീക വളർച്ച പൂർത്തീകരിക്കുന്നുവെങ്കിൽ ചെറുപ്പത്തിൽ തന്നെ മരിക്കുന്നവർക്ക് ആത്മീയ പൂർണ്ണത കൈവരിക്കാൻ എങ്ങനെ സാധിക്കു? രക്ഷയിലേക്കുള്ള ഈ വളർച്ചയെ സുഖമമാക്കുന്നതിന് വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന ഏറെ പ്രയോജനകരമായിരിക്കും.

(d) മരിച്ചുപോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും കർമ്മാനുഷ്ഠാനങ്ങളും വാങ്ങിപ്പോയവരുമായുള്ള ബന്ധം നിലനിർത്തുന്നതിന് സഹായകരമാണ്.മരിച്ചുപോയ ഒരു വിശ്വാസിയെ പൂർണ്ണമായും മറന്നു കളയാതെ അവരുമായുള്ള ബന്ധം നമ്മൾ നിലനിർത്തിക്കൊണ്ടുപോരുന്നു.ജീവിച്ചിരിക്കുമ്പോൾ നാം അവരുമായുള്ള ബന്ധം നിലനിർത്തിയതുപോലെ മരണാനന്തരവും നാം അവരുമായുള്ള ബന്ധം നിലനിർത്തുന്നു.ഇത് സാധ്യമാകുന്നത് അവർക്കുവേണ്ടിയുള്ള കുർബ്ബാനാനുഷ്ഠാനങ്ങളിലൂടെയും അവരുടെ കല്ലറകൾ സന്ദർശിക്കുന്നതിലൂടെയുമാണ് മരിച്ചുപോയവരുമായുള്ള ബന്ധം നിലനിർത്തുന്നതിന്റെയും അവർക്കുവേണ്ടിയുള്ള കർമ്മാനുഷ്ഠാനങ്ങളുടെയും ഉത്തമമായ ഉദാഹരണം കർത്താവിന്റെ കല്ലറയിൽ തന്നെ കാണാവുന്നതാണ്.ലൂക്കോസ് 24:1-ൽ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ സ്ത്രീകൾ യേശുവിന്റെ കല്ലറയിൽ യഹൂദാചര പ്രകാരമുള്ള മരണാനന്തര ശുശ്രൂഷ നടത്തുവാൻ പോകുന്നത് നമുക്ക് കാണാവുന്നതാണ്.സുറിയാനി സഭാ പാരമ്പര്യത്തിൽ മരിച്ചുപോയവരുടെ കല്ലറയിൽ പോകുകയും പ്രാർത്ഥിക്കുകയും അവരുമായുള്ള ബന്ധം നിലനിർത്തുകയും ചെയ്യുന്നതിന്റെ അടിസ്ഥാനം കർത്താവിന്റെ കല്ലറയിൽ നിന്ന് ആരംഭിക്കുന്നു.

(e) ക്രിസ്തുവിന്റെ ക്രൂശുമരണം മൂലം ജീവനുള്ളവർക്ക് മാത്രമല്ല ക്രിസ്തുവിനു മുമ്പു വാങ്ങിപ്പോയവർക്കും രക്ഷ ലഭിക്കുന്നുണ്ട്.കർത്താവിന്റെ രക്ഷാകരമായ ബലിയുടെ ഫലം ഭൂതം,ഭാവി,വർത്തമാനം എന്നീ മൂന്ന് തലങ്ങളിലേക്ക് വ്യാപിക്കുന്നതാണ്. വാങ്ങിപ്പോയവർക്കു പാപപരിഹാരം സിദ്ധിക്കുന്നില്ലാ എങ്കിൽ യേശുക്രിസ്തുവിന്റെ ക്രൂശുമരണം കൊണ്ട് ക്രിസ്തുവിന് മുമ്പ് മരിച്ചുപോയവർക്ക് പാപപരിഹാരം ലഭിക്കുന്നില്ല എന്ന് ചിന്തിക്കേണ്ടിവരും.സുറിയാനി സഭയിൽ വാങ്ങിപ്പോയവർക്കു വേണ്ടി വി.കുർബ്ബാന അനുഷ്ഠിക്കുന്നതിന്റെ അടിസ്ഥാനം ക്രിസ്തുവിന്റെ രക്ഷാകരബലിയുമായി ബന്ധപ്പെട്ട് നിൽക്കുന്നു.വി.കുർബ്ബാന ക്രിസ്തുവിന്റെ യാഗത്തിന്റെ തുടർച്ചയായതുകൊണ്ട് ജീവനുള്ളവർക്കും വാങ്ങിപ്പോയവർക്കും ഒരുപോലെ വി.കുർബ്ബാന അനുഷ്ഠിക്കുന്നതു വഴിയായി അനുഗ്രഹം ലഭിക്കുന്നു.

(f) വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള പ്രാർത്ഥന ക്രിസ്തീയ മദ്ധ്യസ്ഥതയുടെ ഭാഗമാകുന്നു. ജീവിച്ചിരിക്കുന്ന വിശ്വാസികൾ പരസ്പരം മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നത്.ക്രിസ്തീയ വിശ്വാസത്തിന്റെ ഭാഗമാണല്ലോ.വാങ്ങിപ്പോയവർ സഭാഗാത്രത്തിൽ സജീവരായി നിൽക്കുന്നതുകൊണ്ട് അവർക്കുവേണ്ടിയും നാം മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുവാൻ കടപ്പെട്ടവരാകുന്നു.യഥാർത്ഥത്തിൽ ഈ മദ്ധ്യസ്ഥ പ്രാർത്ഥനയാണ് പരേതരോടുള്ള സജീവ ബന്ധം നിലനിർത്തുവാൻ സഹായിക്കുന്നത്.ഒരു വ്യക്തിയുടെ പ്രാർത്ഥന വഴിയായി മറ്റൊരു വയക്ലതിക്ക് പാപപരിഹാരം ലഭിക്കുന്നു എന്ന് യോഹന്നാൻ 5:16-ൽ കാണുന്നു.

**വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ വേദപുസ്തക തെളുവിളുണ്ട്**

താഴെ പറയുന്ന വേദഭാഗങ്ങൾ വാങ്ങിപ്പോയവർക്ക് വേണ്ടിയുള്ള പ്രാർത്ഥനയുടെയും കർമ്മാനുഷ്ഠാനങ്ങളുടെയും തെളിവുകളായി ഉദ്ധരിക്കാവുന്നതാണ്.(A) 2 തിമോത്തി 1:16-ൽ വാങ്ങിപ്പോയ ഒനേസിഫൊരേസിനു വേണ്ടി പ്രാർത്ഥിക്കുന്നു.ഇവിടെ പൗലോസ് ശ്ലീഹ പറയുന്ന ആ ദിവസം എന്നത് ന്യായവിധിയുടെ ദിവസമാണ്.2 തിമോത്തി 4:7,8-ൽ നിന്ന് മനസ്സിലാക്കാവുന്നതാണ്.(B) 1കൊരിന്ത്യ15:29-ൽ വാങ്ങിപ്പോയവർക്കുവേണ്ടി സ്നാനമേൽക്കുന്ന പാരമ്പര്യത്തെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു.(C) ആവർത്തനം 33:6-ൽ മോശ വാങ്ങിപ്പോയ രൂബേന്റെ പാപത്തിനുവേണ്ടി പ്രാർത്ഥിക്കുന്നുണ്ട്.ഉല്പത്തി 49:4-ൽ രൂബേന്റെ പാപം എന്താണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.(D) പുറപ്പാട് 28:11-ൽ അഹറോൻ യിസ്രായേൽ മക്കളുടെ പേർ

ഓക്കാനായി എഴുതി വച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു.(E) രൂത്ത് 2:20-ൽ ദൈവം മരിച്ചവരോടു കരുണ ചെയ്യുമെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.(F) 2 രാജാക്കന്മാർ 23:17-ൽ യൗസേപ്പിൻെറ അസ്ഥി ബഹുമാനിച്ചതിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നു.(G) ആവർത്തനം 34:9-ൽ മോശയുടെ മരണാനന്തരം 30 ദിവസം യിസ്രായേൽ മക്കൾ വിലാപം കഴിച്ചതായി പറയുന്നു.

**പുനരുത്ഥാനം**

മനുഷ്യന് പുനരുത്ഥാനം എന്നുള്ളതിന് ഏറ്റവും വലിയ തെളിവ് ക്രിസ്തുവിൻെറ ഉയിപ്പ് തന്നെയാണ്.1 കൊരിന്ത്യർ 15:20-ൽ കിസ്തു നിദ്രകൊണ്ടവരുടെ ഇടയിൽ നിന്നും ആദ്യഫലമായി ഉയർത്തിയിരിക്കുന്നു എന്ന് പൗലോസ് ശ്ലീഹ പറയുന്നു.നമ്മുടെ കർത്താവിൻെറ മഹത്വ പ്രത്യക്ഷതയിൽ ശരീരം ആത്മാവ് ഒന്നിച്ചുചേരുകയും ഒരു വിശ്വാസിക്ക് മഹത്വീകരിക്കപ്പെട്ട ശരീരം ലഭിക്കുകയും ചെയ്യുന്നു.കൊരിന്ത്യർ 15:45-49-ൽ പ്രാകൃതമായ നമ്മുടെ ശരീരം പുനരുത്ഥാനവേളയിൽ ആത്മീയ ശരീരം അഥവാ സ്വർഗീയ ശരീരത്തെ ധരിക്കും.കൊരിന്ത്യർ 15:50,56 ശരീരത്തോടുള്ള ഉയപ്പിൽ നാം വിശ്വസിക്കുന്നതുകൊണ്ട് മരണാനന്തര ശരീരം ബഹുമാനപൂർവ്വം കാണുകയും ശരീരത്തെ ദഹിപ്പിക്കാതെ അടക്കുകയും ചെയ്യുന്നു.കർത്താവിൻെറ രണ്ടാംവരവ് പുനരുത്ഥാനം ന്യായവിധി ഇവയെല്ലാം ഒന്നിച്ചു നടക്കുന്ന പ്രക്രിയയാണ്.(2 തെസ്സ.1:6-10) ഈ ആശയം നമ്മുടെ ശവസംസ്ക്കാര ശുശ്രൂഷയിൽ കാണാവുന്നതാണ്.

സ്ഥനഭ്രംശത്തിൽ സൃഷ്ടികളഖിലം

സംഭമപൂർവ്വം മറിയുമ്പോൾ

ആദിത്യനമമ്പിളിയും താരകളും

പ്രഭയില്ലാതായ് മറയുന്നു

ലോകം സൃഷ്ടാവിൻ വാക്താ

ലന്ത്യമാവസ്ഥയിലെത്തുന്നു

പാ-ടെ- കബറുകളിളക്കി പിളരുന്നു

നിര്യാതൻമാരുയരുന്നു

നേരു നീതിയുമുൾകൊള്ളും

നിതതവിധിക്കായ്

വിധിഗേഹം പ്രാപിക്കുന്നു.

അതുകൊണ്ട് നമ്മുടെ ആരാധനക്രമങ്ങളിൽ കർത്താവിൻെറ രണ്ടാംവരവിൻെറ രണ്ടുഘട്ടങ്ങളെക്കുറിച്ചോ ആയിരം ആണ്ട് വാഴ്ചയെക്കുറിച്ചോ പ്രതിപാദിക്കുന്നില്ല.

ഉപസംഹാരം

മേൽ പ്രസ്താവിച്ചതിൽ നിന്നും സുറിയാനി സഭയുടെ മരിച്ചുപോയവരേക്കുറിച്ചുള്ള കാഴ്ചപ്പാട് രൂപപ്പെട്ടിട്ടുള്ള താണ് വേദപുസ്തക അടിസ്ഥാനത്തിൽ നിന്നാണ് എന്ന് ഗ്രഹിക്കാം.

സ്നേഹപൂർവ്വം,

ക്രിസ്തുയേശുവിൽ,

നിങ്ങളുടെ സജിയച്ചൻ.

*Article*

## സ്വർഗ്ഗത്തിലെ നിക്ഷേപം

"ഈ ലോകത്തിൽ ധനവാന്മാരോട് ഉന്നതഭാവം കൂടാതെ ഇരിപ്പാനും നിശ്ചയമില്ലാത്ത ധനത്തിലല്ല,നമുക്ക് സകലവും ധാരളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശവെപ്പാനും, നന്മചെയ്യാനും സത്പ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യവും ഉള്ളവരായി സാക്ഷാൽ ഉള്ള ജീവനെ പിടിച്ചുകൊള്ളേണ്ടതിനു വരും കാലത്തേക്ക് നല്ല ഒരു അടിസ്ഥാനം നിക്ഷേപിച്ചുകൊള്ളുക"(1തിമോ:-6:17-19).

### സ്വർഗ്ഗത്തിൽ നിക്ഷേപിക്കുക!

നിത്യ ജീവനെ പ്രാപിപ്പാൻ ആഗ്രഹിക്കുന്ന മനുഷ്യക്ക് നിക്ഷേപിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലമാണ് സ്വർഗ്ഗം. പണമായും, സ്വത്തായും, സ്വർണ്ണമായും, ബാങ്ക് നിക്ഷേപമായും, ഡോളറായും, ദിനാറും ആയി നിക്ഷേപം ഉണ്ടാക്കുന്ന തിരക്കിലാണ് നാം. എന്നാൽ നമ്മുടെ സ്വർഗ്ഗത്തിലെ നിക്ഷേപം എത്രമത്രം ഉണ്ട്? നാം ഓരോരുത്തരും നമ്മുടെ മനസ്സാക്ഷിയോട് ചോദിക്കേണ്ട ചോദ്യമാണിത്.

വി.പൗലോസ് തിമോത്തിയോസിന് എഴുതിയ ലേഖനത്തിൽ വരും കാലത്തേയ്ക്ക് നല്ലൊരു അടിസ്ഥാനം നിക്ഷേപിച്ചു കൊൾക എന്ന് ഉത്ബോധിപ്പിക്കുന്നുണ്ട്.(1തിമോത്തി6:19) നിത്യജീവനെ പ്രാപിക്കേണ്ടതിനാണ് ഈ നിക്ഷേപം വേണ്ടത് എന്ന് ആ വാക്യങ്ങളിൽ നിന്നും വ്യക്തമാണ്. ദൈവത്തിൽ ആശ്രയിക്കുക, നന്മചെയ്യുക, സത്പ്രവൃത്തികളിൽ സമ്പന്നരാകുക, ദാനശീലരും, ഔദാര്യമുള്ളവരും ആയിരിക്കുക എന്നിവയാണ് സ്വർഗ്ഗത്തിലെ നിക്ഷേപം സ്വരൂപിക്കുന്നതിന് ആവശ്യമായിരിക്കുന്നത്. ചാരിറ്റി പ്രഹൃത്തനങ്ങളുടെ പ്രസക്തി ഈ വാക്യങ്ങളിൽ നിന്നും നമ്മുക്ക് മനസ്സിലാക്കാം.

ചാരിറ്റി എന്ന വാക്കിന് സമസൃഷ്ടി സ്നേഹം, ഔദാര്യപൂർവ്വം, ധാനശീലം എന്നിങ്ങനെ ഒക്കെയാണ് അർത്ഥം. ഉള്ളവൻ ഇല്ലാത്തവന് തൻെറ ഉള്ളതിൽനിന്നും പങ്കിട്ടുനല്കുന്ന ഔദാര്യപൂർവ്വമായ പ്രവൃത്തിയാണ് ചാരിറ്റി. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഉള്ളവർ അവരുടെ ഉള്ളതിൽനിന്നും അർഹിക്കുന്നവർക്ക് ചുമതലബോധത്തിൽ ദൈവീക സ്നേഹത്തിന് ഉള്ളത് പങ്കിട്ടുകൊടുക്കുന്ന ശ്രേഷ്ടമായ കർമ്മമാണ് ചാരിറ്റി. ഇപ്രകാരമുള്ള നല്ല കർമ്മങ്ങൾ നമ്മുക്ക് ചെയ്യാൻ സാധിക്കുന്നത് ക്രിസ്തു നമ്മുടെ ഉള്ളിൽ വരുമ്പോഴാണ്. സക്കായി തൻെറ സമ്പത്തിൽ പകുതി ദരിദ്രർക്ക് കൊടുത്തത് യേശു സക്കായിയുടെ ഹൃദയത്തിൽ വന്നപ്പോഴാണ്. ക്രിസ്തു നമ്മിൽ ആവസിക്കുമ്പോൾ നമ്മുടെ ഹൃദയം ദൈവസ്നേഹത്തിൽ പ്രചോദിതം ആവുകയും നമ്മിൽ നന്മകൾ ചെയ്യുവാനുള്ള പ്രേരണ ഉണ്ടാവുകയും ചെയ്യും.

ഈ നശ്വരമായ ലോകത്ത് ധാരാളം നിക്ഷേപങ്ങൾ ഉണ്ടാക്കി വൻമാളികകൾ പണിതു ആഡംബരമായി ജീവിക്കുന്നതിനേക്കാൾ ആനന്ദവും, സമാധാനവും ലഭിക്കുന്നത് പാവപ്പെട്ടവൻെറ കണ്ണുനീർ ഒപ്പുമ്പോഴും, പട്ടിണികിടക്കുന്നവക്ക് ആഹാരം നല്കുമ്പോഴും അവരുടെ ദരിദ്രാവസ്ഥ നീക്കി ജീവിക്കാൻ ആവശ്യമായവ നല്കുമ്പോഴുമാണ്. അതുകൊണ്ടാണല്ലോ ചാരിറ്റി പ്രവത്ത്നങ്ങൾ ചെയ്യുവാൻ അനേകർ മനസ്സുകാണിക്കുന്നത്.

“എൻെറ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തന് നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്ക് ചെയ്തു” എന്ന് യേശുനാഥൻെറ വാക്കുകൾ ഇതിനോട് ചേന്ന് ഓക്കാം. ഇങ്ങനെ നന്മ പ്രവത്തിക്കുന്ന നാം നിത്യജീവനിലേക്ക് കടക്കുമെന്നും യേശുനാഥൻ വാഗ്ദാനം ചെയ്തിരിക്കുന്നു.

പ്രിയ സ്നേഹിതരെ. വലംകൈ ചെയ്യുന്നത് ഇടംകൈ അറിയാതെ ഈ ലോകത്തിൽ ക്രിസ്തുവിൻെറ കരങ്ങളായി പൂണ്ണമനസ്സോടെയും, സന്തോഷത്തോടെയും നന്മ പ്രവത്തിക്കുവാൻ നമ്മുക്ക് സാധിക്കണം. അങ്ങനെ സ്വഗ്ഗത്തിലെ നമ്മടെ നിക്ഷേപം നാൾക്കുനാൾ വദ്ധിക്കട്ടെ.

വി.പൗലോസ് അപ്പസ്തോലൻെറ വാക്കുകൾ ഒത്തുകൊണ്ട് ഇത് അവസാനിപ്പിക്കുന്നത് ഉചിതമെന്ന് തോന്നുന്നു.(2കൊരി 9:6–9)“എന്നാൽ ലോഭമായ് വിതയ്ക്കുന്നവൻ ലോഭമായ് കൊയ്യും”. ധാരാളമായ് വിതയ്ക്കുന്നവൻ ധാരാളമായി കൊയ്യും.

അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ കൊടുക്കട്ടെ. സങ്കടത്തോടെ അരുത്. നിബ്ബന്ധത്താലും അരുത്. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം സ്നേഹിക്കുന്നു.....................

സ്നേഹപൂവ്വം..........

സീജോ ആടുപാറ.



# SPONSOR'S LIST FOR ST. GEORGE FEAST

1) A Believer
2) Abel & Basil Prince
3) Abgil Polson & Ann Maria
4) Adam & Eddin
5) Aldrin Binu & Aleena Binu
6) Alex John & Family
7) Alias K.Jacob & Family
8) Alias Pynadath
9) Alwin P. Reji & Edwin P. Reji
10) Angel Eldho
11) Anna & John
12) Anson P. Isaac
13) Athen Thomas
14) Baby & Family
15) Baby K.P.
16) Baby Mathew
17) Basil Mathew & Family
18) Basil Mathew Jijo
19) BeetinMathew Kuriakose
20) Benny Baby
21) Benny T. Jacob & Family
22) Biju Kuriakose
23) C.S.Cherian
24) C.T. Varghese (Ponnachan) & Family
25) Chacko P. Varghese
26) Chandy Joshua & Family
27) Chinchu Jojo
28) Daniel Samkutty & Family
29) Diya & Deo
30) Diya C. Jijo
31) Ealias & Family
32) Eby Jacob & Family
33) Eldhos & Gincy
34) Eldo & Anna
35) Fincy & Binoy
36) Geevarghese & Sara
37) George Mathew & Family
38) George Thomas
39) Hanna & Heba
40) Irin & Ivan Paulose
41) Jaimon N.C. & Family
42) Jeemol John
43) Jeeson Jacob
44) Jerson C. & Family
45) Joby John
46) Jojo Varghese
47) Jojy Kuriakose
48) Jose Samuel
49) Jose Samuel & Family (James)
50) K.M.Kurian & Family
51) Kathleen Mathewkutty
52) Lal E. Joseph & Family
53) Lissy Sunil
54) Manoj Mathew & Family
55) Manu Elias 7 Family
56) Manu k. Thomas
57) Manu Mathew Abraham
58) Mathew Varkey & Family
59) Minto Mathew
60) Nelson & Family
61) Nibu Kurian
62) Oommen Kuriakose
63) P.K.Raju & Family
64) P.M.Cherian
65) P.V.Varghese
66) Paul Varghese
67) Philip Joseph
68) Poulose Chacko
69) Prasanth & Family
70) Raigy George & Family
71) Reji Varghese & Family
72) Rency Thomas
73) Romy Ajay Abraham
74) Rosy Thomas
75) Roy Samuel & Family
76) Sabu Varkey & Family
77) Santhosh Andrews & Family
78) Santhosh Paul & Family
79) Shaj Babu
80) Shibu Alias & Family
81) Siji Lal
82) Sony Varghese
83) Thomas & Mathew
84) Thomas P. Peter & Family
85) V.M.Baby & Family
86) Varghese v. Kurian
87) Vinoy C. Abraham & Family

# Perunal Share Holders for Church Perunal (2014/06/29)

| | | | |
|---|---|---|---|
| 1 | Jismol Jayan & Family | 42 | Saji Mathai & Family |
| 2 | Sabu Varky | 43 | Sabu George |
| 3 | Varghese P V | 44 | Saji Joseph & Family |
| 4 | Biju Varghese | 45 | Alex John & Family |
| 5 | Mathukutty P V | 46 | Paul Varghese & Family |
| 6 | Paulose N V | 47 | Eby Jacob & Family |
| 7 | Baby Paul and Family | 48 | Jomy Deepu |
| 8 | Eldhose & Gincy | 49 | Mahal Mani Ulahannan |
| 9 | Shibu Joseph & Family | 50 | Jojy Kuriakoswe |
| 10 | Eldho & Anna | 51 | Minto Mathew |
| 11 | Cheriyan M M | 52 | Abjil Polson & Ann Maria Polson |
| 12 | Moby P T & Family | 53 | Cheriyan P M |
| 13 | Chandy Joshua & Family | 54 | Lijo George |
| 14 | Arun Jacob Elias | 55 | Roy Mathai & Family |
| 15 | Eldhose Babu | 56 | Jacob T V & Family |
| 16 | Kurien K M & Family | 57 | Mathew Varky & Family |
| 17 | Shaj Babu | 58 | Benny P Mathew |
| 18 | George Alias & Family | 59 | Jestin Jacob & Family |
| 19 | Shinu V Alias | 60 | Varghese C T & Family |
| 20 | Paulose M K | 61 | Benyamin Samuel Mathew |
| 21 | Sunil C P & Family | 62 | Binu P Kuriakose |
| 22 | Irine & Ivan | 63 | Aliyas Pynadath Varghese |
| 23 | Jose Samuel & Family | 64 | Philip Joseph |
| 24 | Fr. Saji Job & Family | 65 | Daniel Samkutty & Family |
| 25 | Anson P Isaac & Family | 66 | Angel Eldho |
| 26 | Reji Varghese & Family | 67 | Anil Baby Zakariyah |
| 27 | Reni Varghese | 68 | Neenu Anil |
| 28 | Eldho Varghese | 69 | Jaison and family |
| 29 | Prince P Thomas & Family | 70 | Alias Thomas and Family |
| 30 | Jackson Jerom | 71 | Kezia Merry Eldho |
| 31 | Elizabath Abraham | 72 | K V Paulson and Family |
| 32 | Abiga & Alsah Eldhose | 73 | Manu Mathew Abraham and Family |
| 33 | Ajith P Y & Family | 74 | Baby K P and Family |
| 34 | Chev. Thomas Abramam & Family | 75 | Renju Mathai and Family |
| 35 | Binumon Jacob & Family | 76 | Binu Jacob and Family |
| 36 | Jaimon N C & Family | 77 | George Mathew T |
| 37 | Roy Samuel & Family | 78 | Tina Mathew T |
| 38 | Jerson C & Family | 79 | Benny T Jacob |
| 39 | Raigi George & Family | 80 | Lijo C Joy |
| 40 | Santhosh Andrews Isaac & Family | 81 | Anil Joy |
| 41 | Sabu Paulose & Family | | |



# Favours Received

**Saji Mathai & Family**

## *Happy Birthday*



**Alfia Rejan (3rd July) Aibel Rejan (7th July) Alaina Rejan (13th June)**

## ഹാർവസ്റ്റ് ഫെസ്റ്റിവലിനോടനുബന്ധിച്ചു നടന്ന കവിത മത്സരത്തിൽ

## ഒന്നാം സമ്മാനം കിട്ടിയ കവിത

# നോവ്

അമ്മേ  നിൻ മടിത്തട്ടിൽ

മക്കൾ തൻ അശ്രുപൂജ;

ഭൂമിദേവി തൻ ശ്വാസത്തില–

ലിയുന്ന മൃതിതൻ വിഷപുഷ്പമേ ശാന്തി !

തെല്ലും എതിർക്കുന്ന മക്കളോ

മാതാ തൻ മാറു പിളർന്നീടുന്നു,

നോവുമാത്മാവിന്റെ നീറ്റൽ വർദ്ധിക്കുന്നൂ

ഉതിരുന്ന ചെഞ്ചോര ചിന്തിടുന്നൂ.

വിലാപങ്ങളുയരുന്നൂ ദാരിദ്ര്യമേറീടുന്നൂ;

സമ്പന്നനോ ഭാഗ്യസ്മൃതിയിൽ വസിക്കുന്നൂ;

'അഹം' എന്ന ചിന്തയാൽ ദുഷ്ടരായി മാറുന്ന

മർത്യനോ സ്നേഹത്തിൻ വിലയോ വ്യഥാവായി.

നാരി, 'ദേവത'യെന്നു ചൊല്ലിയ നാവോ;

ഈറ്റയെക്കാളേറെ ധാഷ്ട്യതയേറിടുന്നൂ,

നോവേറെയാകുന്ന ഭൂമിദേവി തൻ,

നയനങ്ങൾ നിറയുന്നൂ; നൊമ്പരത്താൽ.

അമ്മ തൻ നോവുമൊരാത്മാവിൻ ശമനമോ,

മക്കൾ തൻ നൻമകൾ മാത്രമായിടുന്നു,

പ്രണമിക്കാം! നമ്മിൽ നിറയ്ക്കാം നൻമകൾ

അമ്മ തൻ നോവിനോ നൽ ശാന്തിയേകീടാം



Mrs. Merlin Alexs

## ഹാർവസ്റ്റ് ഫെസ്റ്റിവലിനോടനുബന്ധിച്ചു നടന്ന ചെറുകഥ മത്സരത്തിൽ

## ഒന്നാം സമ്മാനം കിട്ടിയ ചെറുകഥ

## ജാലക കാഴ്ച്ചകൾ

ജോസുകുട്ടി ജാലകം തുറന്ന് പുറത്തേക്ക്നോക്കി. തെളിഞ്ഞ ആകാശം, മേഘങ്ങൾ വലിയ പഞ്ഞികെട്ടുകൾ പോലെ ആകാശത്ത് പറന്നു നടക്കുന്നു. എത്ര മനോഹരം! ലക്ഷ്യമില്ലാതെ പറന്നു നടക്കുന്ന ഈ മേഘങ്ങളെപ്പോലെ ആയിരുന്നല്ലോ തൻെറ ജീവിതവും. അവൻ തൻെറ ബാല്യകാലസ്മൃതികളിലേക്ക് ഊളിയിട്ടു.

അപ്പൻ ജീവിച്ചിരിക്കുമ്പോഴും, അനാഥനായിരുന്നില്ലേ താൻ, ക്ഷയരോഗിയായ അമ്മ അയാൾക്കൊരു ബാദ്ധ്യതയായിരുന്നു. അമ്മയുടെ മരണത്തോടെ പുതിയ ദാമ്പത്യത്തിലേക്ക് കടന്ന അയാൾക്ക് താനൊരു ശാപവും, അപശകുനവുമായി മാറി. 7 വയസ്സായ താൻ അതോടെ തെരുവിലേക്ക് എറിയപ്പെട്ടു. തെരുവു കുട്ടികളോടും നായ്ക്കളോടുമൊപ്പം എത്ര ദിനങ്ങൾ!

ലക്ഷ്യമില്ലാത്ത പ്രയാണത്തിൽ എപ്പോഴാണ് ഞാൻ ആ പള്ളിനടയിൽ എത്തപ്പെട്ടത്. എങ്ങും പെരുന്നാളിൻെറ ആരവമായിരുന്നു. കെട്ടിയുയർത്തിയ കമാനങ്ങളും വർണ്ണദീപങ്ങളും കണ്ട് നടക്കുമ്പോൾ സമയം പോയതറിഞ്ഞില്ല. വിശപ്പടക്കാൻ കണ്ടവരുടെയെല്ലാം മുമ്പിൽ കൈ നീട്ടി.അങ്ങനെയാണ് മറിയാമ്മ ചേച്ചിയുടെ മുമ്പിൽ എത്തപ്പെട്ടത്. വാത്സല്യം തുളുമ്പുന്ന ആ നോട്ടവും സ്നേഹസ്മൃണമായ സംസാരവും എന്തോ ഒരു ആത്മബന്ധത്തിൻെറ സ്പന്ദനങ്ങൾ എന്നിലുണർത്തി. ചേർത്ത് പിടിച്ച് ഭക്ഷണത്തിനായി വീട്ടിലേക്ക് വിളിച്ചപ്പോൾ മാതൃസേ്നഹത്തിൻെറ കുളിർമഴ പെയ്തിറങ്ങുകയായിരുന്നു, എൻെറ കുഞ്ഞുമനസ്സിൽ.

അപ്പൻേറയും, അമ്മയുടെയും, പരിചരണമറിയാതെ ദാരിദ്രത്തിൻെറയും, ഏകാന്തതയുടെയും തടവറയിൽ പെട്ടുപോയ തന്നെ കൈപിടിച്ചുയർത്തി ഇവിടത്തോളം എത്തിച്ചത് അവരായിരുന്നല്ലോ.

വിധവയായ ആ അമ്മയുടെ ഏക മകൻ ജോയിച്ചായൻ അമേരിക്കയിലാണ് 2 വർഷത്തിലൊരിക്കൽ മക്കളോടും പേരക്കുട്ടികളോടുമൊപ്പം കിട്ടുന്ന ഇടവേളകൾ അവർക്ക് വലിയ ആശ്വാസമായിരുന്നു. അടക്കിവെച്ചിരിക്കുന്ന മാതൃസ്നേഹം മുഴുവൻ പകർന്നു കൊടുക്കുവാൻ ഈ ഇടവേളകൾ തീരെ അപര്യാപ്തമായിരുന്നു. കണ്ട് കൊതി തീരും മുമ്പെ മക്കൾ തിരിച്ചുപോകുമ്പോൾ വിതുമ്പിക്കരയുന്ന ആ അമ്മയുടെ മുഖം മിഴിവോടെ എൻെറ കൺമുൻപിൽ നിറഞ്ഞു നിൽക്കുന്നു. മക്കളുടെ ഫോൺ കോളിനായി വേഴാമ്പലിനേപ്പോലെയുള്ള അവരുടെ കാത്തിരിപ്പ്, അത് വളരെ ദൈന്യമായിരുന്നു. പിടയ്ക്കുന്ന ആ മാതൃഹൃദയത്തിൻെറ നൊമ്പരങ്ങൾ എത്രവട്ടം താൻ ഏറ്റുവാങ്ങിയിരിക്കുന്നു. വേദനകൾ പങ്കുവയ്ക്കുന്നതിലൂടെ രൂപപ്പെട്ടതാണല്ലോ ഞങ്ങളുടെ ആത്മബന്ധം. മെല്ലെ ഈ വീട്ടിലെ ഒരംഗമായി മാറുകയായിരുന്നു ഞാൻ. മുടങ്ങിപ്പോയ പഠനം തുടരാൻ ഈ അമ്മയാണല്ലോ എന്നെ നിർബന്ധിച്ചത?

ചെറുപ്പത്തിലെ കടന്നു വന്ന വൈധവ്യവും പറന്നകന്ന മക്കളുടെ വിരഹവും അവരെ കടുത്ത ദുഃഖത്തിലാഴ്ത്തി. മനസ്സിന്റെ ഈ പിരിമുറുക്കമാകാം അമ്മയെ ഒരു രോഗിയാക്കി മാറ്റിയത്. ഇന്ന് അമ്മയ്ക്ക് താൻ മാത്രമാണല്ലോ ഏക ആശ്രയം. അമ്മയുടെ വിളി കേട്ടാണ് ചിന്തയിൽ നിന്ന് ഉണർന്നത്.

ഘടികാരത്തിൽ മണി പത്തടിച്ചു. ജാലകം വഴി ജോസുകുട്ടി വീണ്ടും പുറത്തേക്കുനോക്കി. സൂര്യകിരണങ്ങൾ തലോടിയപ്പോൾ കൺതുറന്ന പലനിറത്തിലുള്ള 10 മണിപ്പൂക്കൾ മുറ്റത്ത് വിടർന്നു നിൽക്കുന്നു. മന്ദമാരുതൻ വയലോലകളെ തഴുകിയാണ് വരുന്നതെങ്കിലും ജാലകത്തിലൂടെ വരുന്ന കാറ്റിന് നല്ല ചൂടാണ്. ഒരാഴ്ച്ചമാത്രം പ്രായമായ പശുക്കുട്ടി തന്റെ അമ്മയുടെ പാലുകുടിച്ച് തൊടിയിലൂടെ തുള്ളിച്ചാടി നടക്കുന്നു.

പെട്ടെന്നാണ് അത് ശ്രദ്ധയിൽപ്പെട്ടത്. കുറെപേർ പാടവരമ്പിലൂടെ തിടുക്കത്തിൽ നടന്നുപോകുന്നു. എന്തെങ്കിലും അത്യാഹിതം? ജോസുകുട്ടി വേഗം ജാലകത്തിലൂടെ മുകളിൽ കയറി നിന്ന് നോക്കി. ദൂരെ ഒരു അമ്പലവും, അതിന്റെ അരികിൽ നിൽക്കുന്ന അരയാലും കാണാം. താനും തന്റെ കൂട്ടുകാരും ചേർന്ന്, ആ മരത്തിൽ ഇരുന്ന് ഉപ്പു കൂട്ടി മാങ്ങ കഴിച്ചതും, മരത്തിലെ കിളികൂടും അതിലുള്ള രണ്ട് കുഞ്ഞുങ്ങളും, മരത്തിൽ നിന്ന് ഊളിയിട്ട് അമ്പലകുളത്തിൽ ചാടിക്കളിച്ചതും, എല്ലാം അവന്റെ ഓർമ്മയിൽ മിന്നിമറഞ്ഞു.

കുളക്കരയിൽ ധാരാളം ആളുകൾ കൂടിനിൽക്കുന്നു. ജോസുകുട്ടി തിടുക്കത്തിൽ ജാലകത്തിൽനിന്ന് ചാടി ഇറങ്ങി. കുളക്കരയിലേക്ക് ഓടാൻ തുടങ്ങിയപ്പോൾ രാഘവേട്ടൻ മുറ്റത്തേക്ക് ഓടിവന്ന്, അമ്മയോട് അടക്കം പറയുന്നത് കേട്ടു. ജലജ മരിച്ചു. അവൻ ജീവച്ഛവം പോലെ നിന്നുപോയി.

ഝലജ!! മഞ്ഞപട്ടുപാവാടയും, കാച്ചിയ എണ്ണ തേച്ചുകുളിച്ച് മുടിയിൽ മുല്ലപ്പൂവും ചൂടി എപ്പോഴും സുന്ദരിയായി നടക്കുന്ന തന്റെ പ്രിയസഖി. പഠിത്തത്തിൽ മിടുക്കിയായ അവളെ അദ്ധ്യാപകർക്കെല്ലാം ഇഷ്ടമായിരുന്നു. അവൾ ആയിരുന്നല്ലോ കണക്കിന്റെ സംശയങ്ങൾ എനിക്ക് പറഞ്ഞു തന്നിരുന്നത്. അവളുടെ പൊതിച്ചോറിൽ തനിക്കും ഒരു പങ്കുണ്ടായിരുന്നു.

ജലജയുടെ മരവിച്ച ശരീരം കാണനുള്ള ത്രാണി അവനില്ലായിരുന്നു. എങ്കിലും പോകാനായി മുറ്റത്തേക്ക് ഇറങ്ങിയ തന്നെ ആ അമ്മയുടെ കരവലയം തടഞ്ഞു. കൂടുവിട്ട് പറന്നുപോയ പക്ഷിക്കുഞ്ഞിനെപ്പോലെ ജലജയും തന്നെ വിട്ട് എവിടേക്കോ പറന്നുപോയിരിക്കുന്നു. ഒഴിഞ്ഞ കൂടുപോലെ തന്റെ മനസ്സും ശൂന്യമായിരിക്കുന്നു. സങ്കടം സഹിക്കാനാവാതെ അവൻ അമ്മയുടെ മടിയിൽ തലവച്ച് തേങ്ങിക്കരഞ്ഞു.

Mrs. Shelby Jacob



# New Members



**Mr. Biju Thottathil Paily (B114) – 34303795, 17712031**

Address: Flat # 07, Building # 1234, Road # 0616, Block # 306, Ras Ruman
In India: Thottathil (House), Keezhillam (P.O.) Ernakulam, Kerala,
Area Unit: Cana
Home Parish: St. george Jacobite Syrian Church, Kunnakurudy
Diocese: Angamaly



**Mr. Eby Kaungampillil Baby (E058) – 36228933, 17281481**

Address: Flat # 02, Building # 83, Road # 384, Block # 306, Ras Ruman
In India: Kaugampillil (H), Thankalam, Kothamangalam (P.O.), Ernakulam (Dist), Kerala
Area Unit: Cana
Home Parish: Mar Thoma Cheriyapally, Kothamangalam
Diocese: Angamaly



**Mr.Febin Mathew Varghese (F001) – 36364626, 17339792**

Address: Flat # 31, Building # 482, Road # 2909, Block # 329, Salmaniya
In India: Kalammalil (House), Keezhillam (P.O.), Perumbavoor, Kerala
Area Unit: Thabore
Home Parish: St. George J. S. O. Church, Mannoor
Diocese: Angamaly



**Mr. Jubin Jacob (J109) – 34370505**

Address: Flat # 641 Building # , Road # 1122, Block # 311, Manama
In India: Thelapurathu (H), Aythala (P.O.), Ranny, Pathanamthitta (Dist), Kerala.
Area Unit: Bethsaida
Home Parish: St. Mary's Jacobite Syrian Simhasana Church, Aythala
Diocese: Simhasana Churches



**Mr. Lijo K. Alex (L024) – 39928593**

Address: Clear Vision, Gudaibiya, Bahrain
In India: Kinattukarayil (H), Kochickal, Mavelikara (P.O.), Alappuzha, Kerala
Area Unit:
Home Parish: Kadeesa J. S. O. Church, Kayamkulam
Diocese: Kollam

# New Members



**Mr. Shyam Cherian (S140) – 35563750, 17830988 Ext. 250**

Address: Flat # 31, Building # 201, Road # 2902, Block # 929, Riffa
In India: Kuttysrakudiyil (H), Nellimattom (P.O.), Kothamangalam, Ernakulam
Area Unit: Nazreth
Home Parish: Seenai Mar Yoohanon Mamdona Jacobite Church, Kavalangad
Diocese: Angamaly



**Mr. Sinu A. Varghese (S141) – 36008831, 17228888**

Address: Flat # 21, Building # 668, Road # 720, Block # 307, Central Manama
In India: Karottumaliackal (H), Meenadom (P.O.), Kottayam, Kerala
Area Unit: Bethsaida
Home Parish: St. Ignathiose J. S. O. Church, Meenadam
Diocese: Kottayam



**Mr. Shibin Philipose (S142) - 33784015**

Address: Flat # 11, Building # 2256, Road # 0734, Block # 0907, Riffa, Al-Sharaqi
In India: Sasthavilayil (H), Nedumon (P.O.), Pathanamthitta (Dist.), Kerala,
Area Unit: Nazreth
Home Parish: St. Mary's Jacobite Syrian Valiya Pally, Nedumon
Diocese: Kollam

## *Happy Birthday*



**Aaron Dolly - 8th Birthday on July 8**

## Announcement

Summer Vaccation classes are scheduled from 14th July to 15th August 2014 on all Saturdays, Mondays & Tuesdays
(from 7.00 pm to 9.00 pm)

**Evening Prayer** on these days will be from 6.30 pm to 7.00 pm

# HARVEST FESTIVAL 2014

## Winners of Raffle Draw

1st Niya Anna
2nd Thomas Scaria
3rd Niya Anna

## Competition Winners

**Colouring The Sketch Competition : Sub-Junior**

1st Deo Saji
2nd Roshan Raigi George
3rd John Aigi George

**Drawing Competition - Junior**

1st Kezia Baby Paul
2nd Sarah Santosh
3rd Karen Susan Jacob

**Drawing Competition- Intermediate**

1st Aleena Ealias
2nd Sharon Paul
3rd Diya Ann Kuriakose

**Drawing Competition - Senior**

1st Christin Paul
2nd Ann B Abraham
3rd Christina Ealias

**Drawing Competition - Adults**

1st Baby Paul
2nd Joji Susan Mani
3rd Thomas Philip

**Fancy Dress Competition: Junior**

1st Kezia Baby Paul

**Fancy Dress Competition: Intermediate**

1st Edwin Mathew
2nd Elias Mathew

**Fancy Dress Competition: Senior**

1st Christy Mary Thomas
2nd Kamal Baby

**Creative Writing Competition For Adults: Poem**

1st Merlin Alex
2nd Joji V. Thomas
3rd Baby Paul

**Creative Writing Competition For Adults: Short Story**

1st Shelby Jacob
2nd Chandi Joshua
3rd Baby Paul

# Events

## Harvest Festival Prize Distribution




























# Church Perunal








